I/126508/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(Present: AFSANA PERWEEN IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം-ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെ ബൈ ട്രാൻസ്ഫർ നിയമനം – ഉദ്യോഗക്കയറ്റങ്ങളിൽ നിന്നും സ്ഥിരമായി റിലിങ്ക്വിഷ്മെന്റ് – അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) സ.ഉ.(അച്ചടിച്ചത്) നം. 39/91/ഉ.ഭ.പ.വ. തീയതി 7/12/1991
2) സ.ഉ. (അച്ചടിച്ചത്) നം. 20/2004/ഉ.ഭ.പ.വ. തീയതി 10/12/2004
3) വനിത ശിശു വികസന ഡയറക്ടറുടെ 28/09/2023 ലെ DWCD/2795/2022-E4 നമ്പർ ഉത്തരവ്
4) ഉാലം ശിശു വികസന പദ്ധതി ഓഫീസറുടെ 13/10/2023 ലെ ICDS/LM/675/2023 നമ്പർ കത്ത്.
5) മാള ശിശു വികസന പദ്ധതി ഓഫീസറുടെ 17/10/2023 ലെ ICDS/മാള/452/21 നമ്പർ കത്ത്.
6) പാറശ്ശാല ശിശു വികസന പദ്ധതിഓഫീസറുടെ 17/10/2023 തീയതിയിലെ ICDS/PSLA/P2/792/23 നമ്പർ കത്ത്.
7) പയ്യന്നൂർ ശിശു വികസന പദ്ധതി ഓഫീസറുടെ 19/10/2023 തീയതിയിലെ ICDS/PNR/306/12 നമ്പർ കത്ത്.

**ഉത്തരവ് നം.DWCD/2795/2022-E4 തീയതി: 16-11-2023**

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരും ഉൾപ്പെട്ട സംസ്ഥാനതല സംയുക്ത സീനിയോരിട്ടി ലിസ്റ്റിലെ 3 ജീവനക്കാർക്ക് പരാമർശം (3) പ്രകാരം ക്ലർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകിയിരുന്നു.

ഉദ്യോഗക്കയറ്റം ലഭിച്ച ഉാലം ഐ.സി.ഡി.എസ് പ്രോജക്ടിലെ ഡ്രൈവർ ശ്രീ. സന്തോഷ് തോമസ്, മാള ഐ സി ഡി എസ് പ്രോജക്ടിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. ഉണ്ണികൃഷ്ണൻ പി. കെ എന്നിവർക്ക് നിയമനം ആവശ്യമില്ലായെന്നു കാട്ടി ഇതിൽ നിന്നും സ്ഥിരമായി വിട്ടൊഴിയുന്നതിന് നിശ്ചിത മാതൃകയിൽ റിലിങ്ക്വിഷ്മെന്റ് ഫോറം പരാമർശം (4), (5) പ്രകാരം കാര്യാലയ മേധാവി മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട്.

പയ്യന്നൂർ ഐ സി ഡി എസ് പ്രോജക്ടിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി അനിത പി. വി (സീനി. നം. 19), പാറശ്ശാല ഐ സി ഡി എസ് പ്രോജക്ടിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ഗംഗ എസ് (സീനി. നം. 21) എന്നീ ജീവനക്കാരും ബൈട്രാൻസ്ഫർ നിയമനം സ്ഥിരമായി വിട്ടൊഴിയുന്നതിന് റിലിങ്ക്വിഷ്മെന്റ് പരാമർശം (6), (7) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (4) (5) പ്രകാരമുള്ള അപേക്ഷകൾ പരിഗണിച്ച് പരാമർശം (1) (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ക്ലർക്ക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം അനുവദിച്ച ശ്രീ. സന്തോഷ് തോമസ്, ശ്രീ. ഉണ്ണികൃഷ്ണൻ പി. കെ എന്നീ ജീവനക്കാർക്കും, ഭാവിയിൽ ഉണ്ടാകുന്ന സ്ഥാനക്കയറ്റങ്ങളിൽ നിന്നും റിലിങ്ക്വിഷ് ചെയ്യുന്നതിന് പരാമർശം (6), (7) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീമതി അനിത പി. വി, ശ്രീമതി ഗംഗ എസ് എന്നീ ജീവനക്കാർക്കും, ക്ലാർക്ക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം സ്ഥിരമായി വിട്ടൊഴിയുന്നതിന്, KS&SSR റൂൾ 38 പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

ശ്രീ. സന്തോഷ് തോമസ്, ശ്രീ. ഉണ്ണികൃഷ്ണൻ പി. കെ എന്നിവർ നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയങ്ങളിൽ തുടരാവുന്നതാണ്.

I/126508/2023

സ്ഥിരമായി റിലിങ്കിഷ്മെന്റ് നടത്തിയ വിവരം ജീവനക്കാരുടെ സേവനപുസ്തകത്തിൽ കാര്യാലയ മേധാവി വരുത്തേണ്ടതും ഉത്തരവിന്റെ പകർപ്പും. റിലിങ്കിഷ്മെന്റ് ഫോറം എന്നിവ സേവനപുസ്തകത്തിൽ പതിപ്പിക്കേണ്ടതുമാണ്.

AFSANA PERWEEN IAS

Signed by Afsana Perween
Ias
Date: 16-11-2023 12:11:16

ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖേന)

പകർപ്പ് : 1) ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കോട്ടയം/തൃശ്ശൂർ/തിരുവനന്തപുരം

2) പ്രോഗ്രാം ഓഫീസർ, കോട്ടയം/തൃശ്ശൂർ/തിരുവനന്തപുരം

3) ശിശു വികസന പദ്ധതി ഓഫീസർ, ളാലം/മാള പഴയന്നൂർ/പാറശ്ശാല (റിലിങ്കിഷ്മെന്റ് ഫോറം സഹിതം)

4) സ്റ്റോക്ക് ഫയൽ